Talented Bankers Literary Panel
പുസ്തകപരിചയം 82

പുസ്തകം പരിചയപ്പെടുത്തുന്നത്,
ഐശ്വര്യ വിമോഷ്
കാനറാ ബാങ്ക്

**യൂദാസിന്റെ സുവിശേഷം**
**(നോവൽ 2009)**
**കെ. ആർ. മീര**

" ഒറ്റുകാരന് ഒരിക്കലും ഉറക്കം വരികയില്ല. വിശപ്പടങ്ങുകയോ ദാഹം ശമിക്കുകയോ ഇല്ല. വെള്ളത്തിൽ മുങ്ങിക്കിടന്നാലും അയാളുടെ ശരീരത്തിന്റെ പുകച്ചിൽ അണയുകയില്ല. മൂക്കറ്റം മദ്യപിച്ചാലും അയാളുടെ ബോധം മറയുകയുമില്ല.... "

അടിയന്തിരാവസ്ഥക്കാലത്തു കക്കയം ക്യാമ്പിൽ ക്രൂരമായ പോലീസ് മർദനത്തിനിരയായ നക്സലൈറ്റ് ദാസ് - അയാളിപ്പോൾ കായലിൽ നിന്നും ശവങ്ങൾ മുങ്ങിയെടുക്കുന്ന 'മുതല യൂദാസ് ' ആണ് - അയാളെ തന്റെ പതിനഞ്ചാം വയസ്സു മുതൽ പ്രേമിക്കുന്ന പ്രേമ, ദാസിന്റെ കാമുകിയും നക്സലൈറ്റുമായിരുന്ന സുനന്ദ എന്നിവരാണ് ഈ നോവലിലെ പ്രധാന കഥാപാത്രങ്ങൾ. ക്രൂരമായ മർദനത്തെ തുടർന്ന് ദാസിനു തന്റെ കാമുകി സുനന്ദയുടെ പേർ പോലീസിനോട് വെളിപ്പെടുത്തേണ്ടി വന്നു. സ്വന്തം കാമുകിയെ ഒറ്റിക്കൊടുത്തതിന്റെയും, പോലീസ് മർദനത്തിൽ മരണപ്പെട്ട സുനന്ദയെയും മറ്റൊരു നക്സലൈറ്റ് രാജനെയും പോലീസുകാർക്കു വേണ്ടി കയത്തിലെറിയേണ്ടി വന്നതിന്റെയും കുറ്റബോധത്തിൽ നീറി നീറി ജീവിക്കുകയാണ് അയാളിപ്പോൾ. ഒറ്റുകാരന്റെ ആത്മവ്യഥ അയാളുടെ ജീവിതത്തെ ഊഷരമാക്കുന്നു. പ്രേമയുടെ പ്രണയം സ്വീകരിക്കാൻ അയാൾക്കാവുന്നില്ല. ഒരു സ്ത്രീയുടെയും ഒരു പ്രസ്ഥാനത്തിന്റെയും വിശ്വാസം കാത്തുസൂക്ഷിക്കാൻ കഴിയാതിരുന്ന ആളാണ് താനെന്നും, അതിനാൽ തന്നെ സ്നേഹിക്കരുതെന്നും അയാൾ പ്രേമയോട് പറയുന്നു. പ്രേമയുടെ പ്രണയത്തിൽ നിന്നും അയാൾ പലവട്ടം ഒളിച്ചോടുന്നു. പക്ഷേ, പ്രേമയ്ക്കു അയാളോടുള്ള പ്രണയത്തിന്റെ തീവ്രത കൂടിക്കൂടി വരുന്നു. തന്റെ യൗവ്വനം മുഴുവൻ അവൾ അയാളെത്തേടി അലയുന്നു.

" പുലർച്ചെ എഴുന്നേൽക്കുമ്പോൾ കൂരയ്ക്കുള്ളിൽ ഞാൻ മാത്രമേ ഉണ്ടായിരുന്നുള്ളൂ. എന്റെ ചെറിയ തുകൽബാഗും തലേന്നു കുളിക്കുമ്പോൾ അഴിച്ചിട്ട മുഷിഞ്ഞ സാരിയും ഞാനും എന്റെ കന്യകാത്വവും. അയാളും

അയാളുടെ ചേറു പുരണ്ടു ചുവപ്പായ വസ്ത്രങ്ങളും മണ്ണെണ്ണ സ്ററൗവും പാത്രങ്ങളും അപ്രത്യക്ഷമായിരുന്നു. ഞാൻ കിടന്ന പായ പോലും ആവിയായിപ്പോയിരുന്നു. മാന്ത്രികന്റെ മായാമാളികയിലുറങ്ങാൻ കിടന്ന ദരിദ്രബാലികയെപ്പോലെ ഞാൻ പകച്ചിരുന്നു. തലേന്നത്തെ മായാമാളിക മുൾക്കാടായിത്തീർന്നിരുന്നു. അയാൾ എന്നെ വീണ്ടും കബളിപ്പിച്ചു. കൊല്ലാതെ തന്നെ എന്നെ കയത്തിലെറിഞ്ഞു. അയാളെ വീണ്ടും കണ്ടുമുട്ടാൻ എത്ര കാലം കാത്തിരിക്കണം, എവിടെയെല്ലാം തിരയണം. അപ്പോഴും അയാളെന്നെ കബളിപ്പിക്കും. എന്നെ കബളിപ്പിക്കാൻ ഞാൻ അയാളെ മാത്രമേ അനുവദിക്കുകയുള്ളൂ."

അടിയന്തിരാവസ്ഥക്കാലത്തെ പോലീസ് മർദനങ്ങളുടെ വിവരണങ്ങൾ ഹൃദയഭേദകമായി തോന്നുമെങ്കിലും, അതിതീവ്രമായ ഒരു പ്രണയത്തിന്റെ മനോഹരമായ ആവിഷ്ക്കാരമാണ് ഈ കൊച്ചുനോവൽ. വീണ്ടും വീണ്ടും കബളിപ്പിക്കപ്പെടുന്ന ഒരു കാമുകിയുടെ നിസ്സഹായാവസ്ഥ തീക്ഷ്ണമായിത്തന്നെ വായനക്കാരനെ അനുഭവിപ്പിക്കാൻ കഥാകാരിക്ക് കഴിഞ്ഞിട്ടുണ്ട്. സുനന്ദയെയും രാജനെയും മർദിച്ചു കൊന്ന പോലീസുകാരുടെ - അതിൽ പ്രേമയുടെ അച്ഛനും ഉൾപ്പെടും - അവസാനകാലജീവിതം, കാലം എന്ന ഭരണകൂടം എങ്ങനെയാണ് നീതി നടപ്പാക്കുന്നത് എന്നതിന്റെ ഉത്തമോദാഹരണമായി കഥാകാരി ചൂണ്ടിക്കാണിക്കുന്നു. തന്റെ എഴുത്തിൽ എപ്പോഴുമുള്ളതു പോലെ, അഗ്നി പോലെ പൊള്ളിക്കുന്ന ചില വാക്പ്രയോഗങ്ങളാൽ കെ. ആർ. മീര വായനക്കാരുടെ ഉള്ളുലയ്ക്കുന്നു.

പ്രസാധകർ : സാഹിത്യപ്രവർത്തക സംഘം നാഷണൽ ബുക്ക് സ്റ്റാൾ, കോട്ടയം.
വില : Rs. 70/-

എഴുത്തുകാരി കെ ആർ മീര, 1970ൽ കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിൽ ജനിച്ചു. കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷിൽ ഒന്നാം റാങ്കോടെ ബിരുദാനന്തര ബിരുദം നേടി. മലയാളമനോരമയിൽ പത്രപ്രർത്തകയായി ജോലിയിൽ പ്രവേശിച്ചു പിന്നീട് രാജിവച്ചു. കഥക്കും (ആവേ മരിയ) നോവലിനും (ആരാച്ചാർ) കേരള സാഹിത്യ അക്കാദമി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. ആരാച്ചാർ നോവലിന് വയലാർ, ഓടക്കുഴൽ, കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരങ്ങളും ലഭിച്ചു.